# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2272 18.12.2012 ലെ മറുപടിക്ക്

## വൈക്കം തവണക്കടവ് ബോട്ട് സർവ്വീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ശ്രീ. കെ. അജിത്: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | വൈക്കം തവണക്കടവ് സർവ്വീസിനായി എത്ര ബോട്ടുകൾ അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (എ) | മൂന്ന് ബോട്ടുകൾ സർവ്വീസിനായും ഒരു ബോട്ട് സ്പെയർ ആയും അനുവദിച്ചിട്ടുണ്ട്. |
| (ബി) | അവിടേയ്ക്ക് അനുവദിച്ചിട്ടുള്ള ബോട്ടുകളുടെ കാലപ്പഴക്കം എത്ര; വെളിപ്പെടുത്തുമോ ; | (ബി) | വൈക്കത്ത് നിലവിൽ നൽകിയിട്ടുള്ള ബോട്ടുകളുടെ കാലപ്പഴക്കം താഴെപ്പറയുന്നു: |
| (സി) | പ്രസ്തുത ബോട്ട് സർവ്വീസ് ലാഭകരമാണോ; വ്യക്തമാക്കുമോ ; | (സി) | ഇന്ധനച്ചെലവ്, ജീവനക്കാരുടെ ശമ്പളം മറ്റു ചെലവുകൾ തുടങ്ങിയവ കണക്കിലെടുക്കുമ്പോൾ ഈ സർവ്വീസ് ലാഭകരമല്ല. |
| (ഡി) | പ്രസ്തുത സർവ്വീസിന് കൂടുതൽ ബോട്ടുകൾ അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | ഏതാണ്ട് 25 മിനിട്ട് ഇടവിട്ട് മൂന്നു ബോട്ടുകൾ ഉപയോഗിച്ച് നടത്തുന്ന ട്രിപ്പുകൾ വഴി ആവശ്യത്തിന് യാത്രാ സൗകര്യം ലഭ്യമാക്കാൻ ഇപ്പോൾ കഴിയുന്നുണ്ട്. |

(ബി) ഉത്തരത്തിലെ പട്ടിക:

| ബോട്ട് നം. | കമ്മീഷൻ ചെയ്ത തീയതി | കാലപ്പഴക്കം |
|---|---|---|
| എസ്31 | 09.10.2010 | 2വർഷം |
| എസ്33 | 10.01.2011 | 1വർഷം11മാസം |
| എസ്18 | 13.08.2008 | 4 വർഷം 4മാസം |
| എസ്3 | 12.06.2004 | 8 വർഷം 6 മാസം |

സെക്ഷൻ ഓഫീസർ